ലോകത്തിന് മുന്നിൽ പലപ്പോഴും അത്ഭുതങ്ങൾ സമർപ്പിച്ചിട്ടുള്ള കേരളത്തിൽ ധീരമായ ഒരു പുതിയ പരീക്ഷണം അരങ്ങേറുകയാണ്. രാജ്യത്തിന് മാത്രമല്ല മുഴുവൻ മൂന്നാം ലോക രാജ്യങ്ങൾക്കും പ്രതീക്ഷ നൽകുന്ന ഒരു പരീക്ഷണം. ആഗോള വത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയും കാലഘട്ടത്തിൽ ഒരു ബദൽ വികസന സങ്കല്പം ഇവിടെ നിശബ്ദം രൂപപ്പെട്ട് വരുന്നു.

ദരിദ്രനെ കൂടുതൽ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുകയും പാർശ്വവത്കരിക്കുകയും ചെയ്യുന്ന ചെയ്യുന്ന പുത്തൻ സാമ്പത്തിക നയങ്ങളെ പ്രതിരോധിക്കുന്ന ഈ വികസന സങ്കൽപം സംസ്ഥാനത്തിന്റെ വളർച്ചയും നേട്ടങ്ങളും എല്ലാ വിഭാഗം ജനങ്ങൾക്കും ഒരു പോലെ പ്രയോജനകരമാക്കാൻ ലക്ഷ്യമിടുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാറിന്റെ കഴിഞ്ഞ രണ്ട് വർഷത്തെ ഭരണത്തിലൂടെ ധീരമായ ഒരു പുതിയ കേരളത്തിനാണ് അടിത്തറയിട്ടിരിക്കുന്നത്.

ഉദാരവത്ക്കരണത്തിന്റെയും ആഗോളവത്ക്കരണത്തിന്റെയും പ്രത്യാഘാതങ്ങൾക്ക് രാജ്യം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. വിദർഭയിലും ആന്ധ്രപ്രദേശിലും മറ്റ് പലയിട ങ്ങളിലും കടക്കെണിയിൽ കുടുങ്ങിയ ആയിരക്കണക്കിന് കർഷകരാണ് ജീവനൊടുക്കിയത്. കേരളത്തെയും ഇതേ പ്രശ്നം വേട്ടയാടി. കോൺഗ്രസ് നേതൃത്വത്തിലുള്ള ഐക്യമുന്നണി സർക്കാറിന്റെ അഞ്ച് വർഷത്തെ കാലയളവിൽ നൂറുകണക്കിന് കർഷകർ കേരളത്തിൽ ആത്മഹത്യ ചെയ്തു.

ഇടതു സർക്കാർ അധികാരത്തിലേറിയയുടൻ കാർഷിക കടാശ്വാസ കമ്മീഷനു രൂപം നൽകി. കർഷകർക്ക് ആത്മവിശ്വാസം പകരുന്നതിന് സാധ്യമായ എല്ലാ നടപടികളും കൈക്കൊണ്ടു. കർഷക ആത്മഹത്യയുടെ ഇരകളായ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം അനു വദിച്ചു. കാർഷികോല്പന്നങ്ങളുടെ സംഭരണ വില ഉയർത്തി. വിപണിയുടെ ചാഞ്ചാട്ടത്തിൽ നിന്ന് കർഷകരെ രക്ഷിക്കാൻ ശക്തമായി ഇടപെട്ടു. മഴക്കെടുതിയാൽ വിളനാശം ഉണ്ടായ കർഷർക്ക് ഉദാരമായി സഹായങ്ങൾ അനുവദിച്ചു.

ഈ നടപടികൾ കർഷകർക്കുള്ള വ്യക്തമായ സന്ദേശമായിരുന്നു. സർക്കാർ മാറിയിരി ക്കുന്നു. പാവപ്പെട്ടവനെ പരിഗണിക്കുന്ന ഇടതുപക്ഷ സർക്കാറാണ് അധികാരത്തിൽ. കാർഷിക കേരളം ആ സന്ദേശം വ്യക്തമായി ഗ്രഹിച്ചു. കാർഷിക ആത്മഹത്യകൾ നിലച്ചു.

രണ്ട് വർഷം പിന്നിടുമ്പോൾ കേരള സർക്കാറിന് അങ്ങേയറ്റം സന്തോഷമുണ്ട്. കർഷകരക്ഷയ്ക്ക് കേരളം കൈക്കൊണ്ട നടപടികൾ കേന്ദ്രത്തിന്റെയും കണ്ണു തുറപ്പിച്ചിരിക്കുകയാണ്. കേന്ദ്രസർക്കാർ കേരളത്തിന്റെ പാത പിന്തുടർന്ന് കർഷകർക്ക് കടാ ശ്വാസ പദ്ധതികളുമായി രംഗത്ത് വന്നിരിക്കുന്നു. കേരളത്തിൽ നടന്നു വരുന്ന പരീക്ഷണ ത്തിന്റെ പ്രസക്തി തെളിയിക്കുന്നതാണ് കേന്ദ്രത്തിന്റെ ഈ നടപടി. കോൺഗ്രസ് നേതൃത്വം നൽകുന്ന യു.പി.എ സർക്കാർ പുതിയ സാമ്പത്തിക നയങ്ങൾ മൂലം ദുരിതമനുഭവിക്കുന്ന സാധാരണക്കാരന്റെ വിഷമങ്ങൾ കൂടി ഇനി കാണാൻ തയ്യാറാകണം.

പാർശ്വവത്കരിക്കപ്പെട്ട അടിസ്ഥാന ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനാണ് ഇടതു സർക്കാർ എന്നും മുൻഗണന നൽകുന്നത്. സമൂഹത്തിലെ ഏറ്റവും

പാവപ്പെട്ട ജനവിഭാഗങ്ങളിലൊന്നായ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ കടക്കെണിയിൽ നിന്നും രക്ഷിക്കാൻ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനും സർക്കാർ രൂപം നൽകി. ബാങ്കുകളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ എടുത്ത മുഴവൻ വാഴ്പകൾക്കും മോറട്ടോറിയം പ്രഖ്യാപിച്ചു കഴിഞ്ഞു.

എല്ലാ ക്ഷേമ പെൻഷനുകളും ഈ സർക്കാർ 200 രൂപയായി വർധിപ്പിച്ചു. മുൻ സർക്കാർ ബാക്കിവെച്ചുപോയ 31 മാസത്തെ പെൻഷൻ കുടിശികയും വിതരണം ചെയ്തു. ലക്ഷക്കണക്കിന് പേർക്കാണ് ഇതിന്റെ പ്രയോജനമുണ്ടായത്. ചെറുകിട തോട്ടങ്ങളിലും കടകളിലും മറ്റ് വ്യാപാര സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്നവരടക്കമുള്ള അസംഘടിത മേഖലയിലെ വലിയൊരു വിഭാഗം തൊഴിലാളികളെ സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ കൊണ്ടു വന്നു. ഭൂരഹിതരായ 1717 ആദിവാസി കുടുംബങ്ങൾക്ക് കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ ഫലഭൂയിഷ്ടമായ ഒരേക്കർ ഭൂമി വിതരണം ചെയ്തു. സംസ്ഥാനത്തെ മുഴുവൻ ഭൂരഹിത ആദിവാസികൾക്കും ഭൂമി വിതരണം ചെയ്യുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

പരിസ്ഥിതി പ്രധാന്യമുള്ള ആയിരക്കണക്കിന് ഏക്കർ സർക്കാർ ഭൂമി മൂന്നാറിലും പരിസര പ്രദേശങ്ങളിലും കയ്യേറ്റക്കാരിൽ നിന്നും തിരിച്ചുപിടിക്കാൻ സർക്കാറിനായി. രാഷ്ട്രീയ പിന്തുണയോടെ സംസ്ഥാനത്തിന്റെ വിഭവങ്ങൾക്കു മേൽ പിടിമുറുക്കാൻ ശ്രമിച്ച ശക്തികൾക്ക് ഈ നടപടിയിലൂടെ ശക്തമായ സന്ദേശമാണ് നൽകിയത്.

25 ലക്ഷം സ്കൂൾ വിദ്യാർത്ഥികളിലൂടെ സ്കൂൾ കോമ്പൗണ്ടുകളിലും വീട്ടുവളപ്പിലും പൊതു സ്ഥലങ്ങളിലുമായി 25 ലക്ഷത്തോളം മരതൈകൾ നട്ടുകൊണ്ട് പരിസ്ഥിതി രംഗത്ത് പുതിയൊരു ചുവടുവെപ്പ് സർക്കാർ നടത്തി. ഈ പദ്ധതി ഇക്കൊല്ലം രണ്ടാം ഘട്ടത്തിലേക്ക് കടക്കുകയാണ്. കേരളത്തെ ഒരു നിത്യഹരിത സംസ്ഥാനമാക്കി മാറ്റുകയാണ് പദ്ധതിയുടെ ലക്ഷ്യം. നദികളുടെയും വനത്തിന്റെയും നാശം പാവങ്ങളെയായിരിക്കും കൂടുതൽ ബാധിക്കുക എന്ന അനുഭവത്തിന്റെ വെളിച്ചത്തിലാണ് ഈ തീവ്രയത്ന പരിപാടി.

ജലവിഭവത്തിന്റെ സംരംക്ഷണം ഈ സർക്കാറിന്റെ മറ്റൊരു പ്രധാന ശ്രദ്ധാകേന്ദ്രമാണ്. മികച്ച വർഷപാതമുണ്ടെങ്കിലും കേരളത്തിലെ നദികൾ ചെറുതും അതിവേഗം ഒഴുകി സമുദ്രത്തിൽ പതിക്കുന്നവയുമാണ്. നദികളെ സംരക്ഷിക്കുന്നതിന് എല്ലാ നടപടികളും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. മലിനീകരണം, മണൽവാരൽ പോലുള്ള ഭീഷണികൾ മാത്രമല്ല തമിഴ്നാടുമായുള്ള നദീജല തർക്കത്തിലും ആവശ്യമായ ഇടപെടുലുകൾ യഥാസമയം കേരളം നടത്തി. ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ള മുല്ലപ്പെരിയാർ പ്രശ്നത്തിൽ പുതിയ ഡാം നിർമിക്കുകയാണ് ഏക പരിഹാരമെന്ന കേരളത്തിന്റെ നിലപാടിന് സ്വീകര്യത വർധിപ്പിക്കുവാൻ ഇടതു സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

വിദ്യാസമ്പന്നമായ മനുഷ്യവിഭവശേഷിയാണ് എന്നും കേരളത്തിന്റെ കരുത്ത്. വിദേശത്ത് പണിയെടുക്കുന്ന 15 ലക്ഷത്തിലേറെ വരുന്ന കേരളീയർ പ്രതിവർഷം ആയിരക്കണക്കിന് കോടി രൂപയുടെ വിദേശ നാണ്യമാണ് രാജ്യത്തിന് നേടിത്തരുന്നത്. എല്ലാ തലങ്ങളിലേയും ഗുണമേന്മയുള്ള വിദ്യാഭ്യാസ ഉറപ്പുവരുത്താനുള്ള തീവ്രശ്രമത്തിലാണ് സർക്കാർ. ഏറ്റവും പിന്നോക്ക വിഭാഗങ്ങൾക്കു പോലും വിദ്യാഭ്യാസ മേഖലയിൽ തുല്യഅവസരം ഉറപ്പുവരുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ലാഭേച്ഛയിൽ മാത്രം അധിഷ്ഠിതമായവയാണ് മുൻ സർക്കാറിന്റെ കാലത്ത് തുടങ്ങിയ സ്വാശ്രയ കോളേജുകളിൽ പലതും. ആ മേഖലയിൽ

സാമൂഹിക നീതി ഉറപ്പുവരുത്തുന്നതിന് വേണ്ടിയുള്ള ഇടപെടലാണ് സ്വാശ്രയ നിയമ നിർമ്മാണത്തിലൂടെ സർക്കാർ നിർവഹിച്ചത്. വിദ്യാർത്ഥികളിൽ നിന്നും തലവരി ഈടാക്കുന്നത് അവസാനിപ്പിക്കാനും പ്രവേശനത്തിൽ രക്ഷിതാക്കൾക്കും വിദ്യാർഥികൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന പല നിബന്ധനകളും ഇല്ലാതാക്കാനും ഈ ഇടപെടലിലൂടെ ഒരു പരിധിവരെ സാധിച്ചു.

രോഗാതുരായ ആരോഗ്യമേഖലയായിരുന്നു മുൻ സർക്കാർ ബാക്കിവെച്ചുപോയ മറ്റൊരു പ്രധാന പ്രശ്നം. വിദൂര ഗ്രാമങ്ങളിൽപ്പോലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും സർക്കാർ ആശുപത്രികളുടെ വിപുലമായ ശൃംഖലയുമുള്ള കേരളം ആരോഗ്യ രംഗത്ത് ഇന്ത്യയിൽ ഒന്നാം സ്ഥാനത്തായിരുന്നു. മലമ്പനി, കുഷ്ഠം പോലുള്ള സാംക്രമിക രോഗങ്ങൾ നിർമ്മാർജ്ജനം ചെയ്ത ആദ്യ സ്റ്റേറ്റ് എന്ന ബഹുമതിയും കേരളത്തിനുണ്ട്. എന്നാൽ മുൻ സർക്കാർ ആരോഗ്യമേഖലയിൽ നിന്നും പിൻവാങ്ങുകയാണ് ചെയ്തത്. ഫണ്ടുകൾ വെട്ടിക്കുറച്ചു. സാമൂഹിക ശുചിത്വത്തിൽ കടുത്ത അവഗണനയുണ്ടായി. പഴയതും പുതിയതുമായ പല അസുഖങ്ങളും കേരളത്തിൽ തലപൊക്കി. ആരോഗ്യ രംഗത്ത് കേരളത്തിന്റെ പഴയ പെരുമ വീണ്ടെടുക്കാനുള്ള ഉറച്ച നടപടികൾ ഈ സർക്കാർ കൈക്കൊണ്ടു. നൂറുകണക്കിന് ഡോക്ടമാരുടെ ഒഴിവുകൾ നികത്തി. ആരോഗ്യമേഖലയിലെ വിഹിതം വർദ്ധിപ്പിച്ചു. എല്ലാ പട്ടണങ്ങളിലും പഞ്ചായത്തുകളിലും മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മാലിന്യമുക്ത കേരളം എന്ന സംസ്ഥാന തല കാമ്പയിന് തുടക്കമിട്ടു.

2006 ൽ യു.ഡി.എഫ് സർക്കാർ അധികാരം വിട്ടൊഴിയുമ്പോൾ കേരളത്തിന്റെ, പേരുകേട്ട പൊതുവിതരണ സമ്പ്രദായം ഏറെ ഭീഷണികൾ നേരിടുകയായിരുന്നു. കഴിഞ്ഞ രണ്ട് വർഷം കൊണ്ട് കാര്യക്ഷമമായ നടപടികളിലൂടെ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താൻ സാധിച്ചു. പൊതുമേഖലയിൽ വിവിധ ഏജൻസികളുടെ കീഴിലായി 24,000ത്തിലധികം ന്യായവില ഷോപ്പുകൾ പ്രവർത്തിച്ചു വരുന്നു.

ഇന്ത്യയിലാദ്യമായി 'എല്ലാവർക്കും വീട്' എന്ന സ്വപ്ന പദ്ധതി നടപ്പിലാക്കാൻ ഇ.എം.എസ് ഭവന പദ്ധതിക്ക് സർക്കാർ രൂപം നൽകിയിരിക്കുകയാണ്. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ മുഴുവൻ ഭവന രഹിതർക്കും വീട് നൽകുയാണ് ലക്ഷ്യം. ഒൻപത് ലക്ഷം പുതിയ വൈദ്യുതി കണക്ഷനുകൾ കഴിഞ്ഞ രണ്ട് വർഷം കൊണ്ട് നൽകി. ഈ സർക്കാറിന്റെ കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് മുഴുവൻ വീടുകളും വൈദ്യുതീകരിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനമെന്ന ബഹുമതി കേരളത്തിന് സ്വന്തമാക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണ്..

വികസന മേഖലയ്ക്ക് ഇടതു സർക്കാർ തുല്യപ്രാധാന്യമാണ് നൽകുന്നത്. തൊണ്ണൂറായിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് കരാർ ഒപ്പുവെച്ചിരിക്കുന്ന സ്മാർട്ട് സിറ്റി പ്രൊജക്ടിന് കൊച്ചിയിൽ തുടക്കമായി കഴിഞ്ഞു. തിരുവനന്തപുരം ടെക്നോ പാർക്കിലും കൊച്ചി ഇൻഫോ പാർക്കിലുമായി 41 ഐ.ടി കമ്പനികൾ പുതുതായി കടന്നുവന്നു. കഴിഞ്ഞ രണ്ട് വർഷം കൊണ്ട് ഐ.ടി മേഖലയിലെ തൊഴിലവസരങ്ങൾ ഇരട്ടിയായി ഉയർന്നു. തിരുവനന്തപുരത്ത് ടെക്നോ സിറ്റി നിർമ്മിക്കുന്നതിനായി 500 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള നടപടി പുരോഗമിക്കുകയാണ്. മറ്റ് ജില്ലകളിലായി ഐ.ടി പാർക്കുകളുടെ ഒരു ശൃംഖല തന്നെ നിലവിൽ വരും. രാജ്യത്തിനകത്തും പുറത്തുമുള്ള കമ്പനികൾ കേരളത്തിലെ കഴിവുറ്റ മനുഷ്യവിഭവശേഷിയും സമാധാന അന്തരീക്ഷവും പ്രകൃതി മനോഹാരിതയും തിരിച്ചറിഞ്ഞു തുടങ്ങിയതോടെ രാജ്യത്തിന്റെ ഐ.ടി ഭൂപടത്തിൽ കേരളം അധിവേഗം മുന്നേറിയിരിക്കുകയാണ്.

തിരുവനന്തപുരത്തേയും കൊച്ചിയേയും മുഖ്യ കേന്ദ്രങ്ങളാക്കിയും വിമാനത്താവളങ്ങളിൽ നിന്നും എളുപ്പും ഏത്തിച്ചേരാവുന്ന മറ്റ് പട്ടണങ്ങളെ ഉപകേന്ദ്രമാക്കിയും ഐ.ടി വ്യവസായത്തിനാവശ്യമായ ശക്തമായ അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വ്യവസായ വികസനത്തിന്റെ നേട്ടം സംസ്ഥാനത്തെ സാധ്യമായ എല്ലാ ഇടങ്ങളിലും എത്തിക്കാൻ ഇതുവഴി സാധിക്കും. ഐ.ടി മേഖലകളിലെ നേട്ടങ്ങൾ പ്രധാന നഗരങ്ങളിൽ മാത്രം ഒതുങ്ങുന്ന മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ കാഴ്പ്പാടാണിത്. അടുത്ത മുന്ന് വർഷം കൊണ്ട് രണ്ട് ലക്ഷം പുതിയ തൊഴിലവസരങ്ങൾ കൂടി ഐ.ടി മേഖലയിൽ ഉണ്ടാകും.

കണക്കുകൂട്ടലുകളെ അട്ടിമറിക്കുന്ന നേട്ടങ്ങളാണ് അടിസ്ഥാന സൗകര്യ വികസന മേഖലയിൽ ആർജ്ജിച്ചിരിക്കുന്നത്. വിഴിഞ്ഞം ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായി കഴിഞ്ഞു. 5340 കോടിയുടെ ഈ പദ്ധതി പൂർത്തിയാകുന്നതോടെ കണ്ടൈനർ ഗതാഗത രംഗത്ത് സൗത്ത് ഏഷ്യയിലെ മുഖ്യകേന്ദ്രമായി വിഴിഞ്ഞം മാറും. അന്താരാഷ്ട്ര കപ്പൽ ചാലിനോട് ചേർന്ന് കിടക്കുന്ന വിഴിഞ്ഞത്തിന് ഈ മേഖലയിൽ അനന്തസാധ്യതകളാണുള്ളത്. വല്ലാർപാടം കണ്ടെനർ ട്രാൻസ്ഷിപ്പ്മെന്റ് പ്രോജക്ടിന്റെ നിർമ്മാണം ഒരു മാസത്തിനകം ആരംഭിക്കും. കൊച്ചിയിൽ എൽ.എം.ജി ടർമിനൽ സ്ഥാപിക്കുന്നതിനുള്ള എല്ലാ തടസങ്ങളും നീക്കാനായിട്ടുണ്ട്. കുറഞ്ഞ വിലയ്ക്ക് ഇന്ധനം ലഭ്യമാക്കാനും സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്താനും ഈ പദ്ധതിക്ക് സാധിക്കും.

തിരുവനന്തപുരം ജില്ലയിലെ കോവളത്തു നിന്നും കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെ എത്തുന്ന ദേശീയ ജലപാത മൂന്ന് വർഷത്തിനകം യാഥാർത്ഥ്യമാകും. ചിലവ് കുറഞ്ഞ ചരക്ക് ഗതാഗതവും ടൂറിസം മേഖലയിലെ മുന്നേറ്റവും ഇതിലൂടെ സാധ്യമാകും. ജലപാതയുടെ ഭാഗമായ, 200 കിലോ മീറ്റർ വരുന്ന കൊല്ലം-കോട്ടപ്പുറം പാത കമ്മീഷൻ ചെയ്തു കഴിഞ്ഞു.

കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയും മികച്ച കേന്ദ്ര സംസ്ഥാന ബന്ധങ്ങളിലൂടെയും, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ടെ 4000 കോടി രൂപയുടെ റെയിൽവേ കോച്ച് ഫാക്ടറിയടക്കം നിരവധി കേന്ദ്ര പ്രോജക്ടുകൾ നേടിയെടുക്കാൻ സർക്കാറിനായി. കഴിഞ്ഞ അഞ്ച് ദശകത്തിനിടിയിൽ ഇത്തരത്തിലുള്ള ഒരു വൻകിട പദ്ധതിയും കേരളത്തിന് ലഭിച്ചിരുന്നില്ല. ഐ.ഐ.എസ്.ടി, ഐ.എസ്.ആർ.ഒ യുടെ കീഴിലെ സ്പേയ്സ് സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ നിരവധി കേന്ദ്ര സ്ഥാപനങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിലും ലഭിച്ചിട്ടുണ്ട്.

കേരളത്തിലെ വ്യാവസായിക മേഖലയിലെ നിക്ഷേപം 20000 കോടിയായി ഉയർന്നിരിക്കുകയാണിപ്പോൾ. മുൻ സർക്കാർ, കേന്ദ്രത്തിന്റെ നവസാമ്പത്തിക നയങ്ങൾ പിന്തുടർന്ന് കൊണ്ട് ലാഭത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെപ്പോലും വിറ്റ് തുലയ്ക്കാനാണ് ശ്രമിച്ചിരുന്നതെങ്കിൽ നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളേപ്പോലും ലാഭത്തിലാക്കിക്കൊണ്ട് ചരിത്ര നേട്ടമാണ് ഇടത് സർക്കാർ കൈവരിച്ചിരിക്കുന്നത്. ലാഭത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളു ടെ എണ്ണം രണ്ട് വർഷം മുമ്പ് 12 ആയിരുന്നത് ഇപ്പോൾ 27 ആയി ഉയർന്നു. കെൽടെക് ബ്രഹ്മോസ് ഏറ്റെടുക്കുകയും രാജ്യത്തെ ബഹിരാകാശ വ്യവസായ മേഖലയിലെ പ്രധാന കണ്ണിയാവുകയും ചെയ്തു.

ഉൽപാദന മേഖലയിൽ കുതിച്ചു കയറ്റത്തിനാണ് കേരളം സാക്ഷ്യം വഹിച്ചു കൊണ്ടിരിക്കുന്നത്. കാർഷികോല്പാദനം കഴിഞ്ഞ വർഷം 30 ശതമാനം കണ്ട് വർധിച്ചു. മുൻ സർക്കാറിന്റെ കാലത്ത് പൂട്ടിക്കിടക്കുകയായിരുന്ന ഭൂരിപക്ഷം തോട്ടങ്ങളും തുറന്നു പ്രർത്തനമാരംഭിച്ചു. കൈത്തറി കയർ കശുവണ്ടി തുടങ്ങി പതിനായിരങ്ങൾ പണിയെടുക്കുന്ന പരമ്പരാഗത വ്യവസായ മേഖല ഉണർവിന്റെ പാതയിൽ തിരിച്ചെത്തി. പരിതാപകരമായ നിലയിലായിരുന്ന കൈത്തറി മേഖലയെ രക്ഷിക്കാൻ ഒരു പുതിയ സ്വദേശി പ്രസ്ഥാനത്തിന് തന്നെ തുടക്കമിട്ടു. ഗവൺമെന്റ് ജീവനക്കാരും സ്കൂൾ കുട്ടികളും ആഴ്ചയിൽ ഒരു ദിവസം പരുത്തി വസ്ത്രം ധരിക്കണമെന്ന നിർദ്ദേശത്തിലൂടെ കൈത്തറി മേഖലയ്ക്ക് ജീവനേകാനായി.

കാര്യക്ഷമവും ഭാവനാസമ്പന്നവുമായ ധനകാര്യ മാനേജ്മെന്റ്, പാർശ്വവത്കൃത സമൂഹത്തിനായി ഇത്രയേറെ പദ്ധതികൾക്ക് തുടക്കമിടാൻ ഈ സർക്കാറിന് തുണയായത്. കഴിഞ്ഞ രണ്ടു വർഷം കൊണ്ട് റവന്യൂ പിരിവിൽ 75 ശതമാനം വർധനവാണുണ്ടായത്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നു കൊണ്ടു തന്നെ ഒട്ടേറെ സംരംഭങ്ങൾ ഏറ്റെടുക്കാൻ കഴിയുന്ന തരത്തിൽ സംസ്ഥാനങ്ങൾക്ക് ഉയരാൻ സാധിക്കുമെന്നതിന്റെ ഉദാഹരണമാണ് കേരളം. അടിയന്തിര പ്രാധാന്യമുള്ള വികസന മേഖലയ്ക്ക് യാതൊരു കോട്ടവുമേൽപ്പിക്കാതെ തന്നെ ക്ഷേമപ്രവർത്തനങ്ങൾക്ക് വിഭവം കണ്ടെത്താൻ കേരളത്തിന് കഴിഞ്ഞു. കേരളത്തിൽ രൂപപ്പെട്ടിരിക്കുന്ന സാദ്ധ്യകൾ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ അടിസ്ഥാന സൗകര്യമേഖലയിൽ സർക്കാർ കൂടുതൽ മുതലിറക്കേണ്ടത് അനിവാര്യമാണ്. കണ്ണൂർ, തിരുവനന്തപുരം വിമാനത്താവളങ്ങൾ, ഐ.ടി പാർക്കുകൾ തുടങ്ങിയവയടക്കമുള്ള പുതിയ സംരംഭങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം മുൻ വർഷത്തേതിന്റെ ഇരട്ടി നിക്ഷേപമാണ് സർക്കാർ നടത്താൻ ഉദ്ദേശിക്കുന്നത്.

കേരളത്തിന്റെ ആഭ്യന്തര ഉല്പാദനം 2006-07 വർഷത്തിൽ എട്ട് ശതമാനത്തിലധികം വളർച്ച കൈവരിച്ചു. കേരളത്തിന്റെ ഉല്പാദന മേഖല നാണ്യവിളകളിൽ അധിഷ്ഠിതമായിട്ടും ഈ വളർച്ചാ നിരക്ക് കൈവരിക്കാനായെന്നത് ശ്രദ്ധേയമാണ്. കേന്ദ്ര സർക്കാറിന്റെ പുത്തൻ ഇറക്കുമതി നയങ്ങളെ തുടർന്ന് നാണ്യവിളകൾക്ക് ഇടവ് സംഭവിച്ചിട്ടും കേരളത്തിന് പിടിച്ച് നിൽക്കാൻ കഴിഞ്ഞു. ദേശീയ വളർച്ചാ നിരക്കിനെക്കാൾ കൂടിയ സാമ്പത്തിക വളർച്ച കേരളത്തിന് കൈവരിക്കാനാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. വിനോദ സഞ്ചാര മേഖലകളുടെയും ഉല്പാദന മേഖലയുടെയും മുന്നേറ്റം പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്.

എന്നാൽ സാമ്പത്തിക വളർച്ചയുടെ മാത്രം അടിസ്ഥാനത്തിൽ കാര്യങ്ങളെ വിലയിരുത്തുന്ന രീതിയല്ല സർക്കാർ സ്വീകരിക്കുന്നത്. പാവപ്പെട്ടവനെയും സാധാരണക്കാരനെയും അവഗണിച്ചു കൊണ്ട് സാമ്പത്തിക വളർച്ചയിൽ ഊറ്റം കൊള്ളുന്നത് അഭികാമ്യമല്ല. സമൂഹത്തിന്റെ എല്ലാ മേഖലകളിലും നേട്ടത്തിന്റെ ഫലം എത്തിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. സാമൂഹിക സുരക്ഷയെ ബാധിക്കുന്ന ഏത് നീക്കത്തേയും നേരിടാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സുശക്തമായ പോലീസ് സംവിധാനം എല്ലാ വിവേചനങ്ങൾക്കുമതീതമായി നിയമ വ്യവസ്ഥ കാത്തു സൂക്ഷിക്കുന്നുണ്ട്. സ്വച്ഛവും സമാധാന പൂർണ്ണവുമായ സമൂഹികാന്തരീക്ഷം കഴിഞ്ഞ രണ്ട് വർഷവും നിലനിർത്താനായി എന്നത് അഭിമാനകരമാണ്. കോഴിക്കോട് ജില്ലയിലെ മാറാട് പോലുള്ള പ്രദേശങ്ങളിൽ കലാപങ്ങളുണ്ടായ യു.ഡി.എഫ് ഭരണ കാലത്ത്

നിന്നും തികച്ചും വ്യത്യസ്തവും കാര്യക്ഷമവുമായ ക്രമസമാധാനപാലനമാണ് കേരളത്തിൽ ഇപ്പോഴുള്ളത്.

ഇപ്പോഴും നിരവധി വെല്ലുവിളികൾ കേരളത്തിന് മുന്നിലുണ്ട്. ഭക്ഷ്യോല്പാദനവർദ്ധനയാണ് അതിൽ ഏറ്റവും പ്രധാനം. നിരവധി ദശകങ്ങൾ നാണ്യവിളയിൽ ശ്രദ്ധ കേന്ദ്രീകരിച്ച ഒരു സംസ്ഥാനത്ത് ഭക്ഷ്യോത്പാദനം വർധിപ്പിക്കുകയെന്നത് കനത്ത വെല്ലുവിളി തന്നെയാണ്. കഴിഞ്ഞ ഏതാനും ദേശകങ്ങളായി താഴേക്ക് പൊയ്ക്കൊണ്ടിരിക്കുന്ന ഉത്പാദനം ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. ഭക്ഷ്യക്ഷാമം ലോകത്തിലെമ്പാടും പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കെ ഈ രംഗത്ത് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. നെൽപ്പാടങ്ങൾ നികത്തുന്നത് തടഞ്ഞുകൊണ്ടുള്ള ബില്ല് നിയമമാകുകയാണ്. സംസ്ഥാനത്തിന്റെ മുഴുവൻ ഊർജ്ജവും ഭക്ഷ്യോല്പാദന വർദ്ധനവെന്ന അടിസ്ഥാന വിഷയത്തിലേക്ക് തിരിയുവാൻ പോവുകയാണ്. റേഷൻ സംവിധാനം തകർക്കുന്ന കേന്ദ്രത്തിന്റെ പുതിയ നിലപാട് കേരളത്തെ ഇതിന് കൂടുതൽ നിർബന്ധിതമാക്കുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങൾ കൊണ്ട് കേരളത്തിന്റെ അരിവിഹിതത്തിൽ 80 ശതമാനം വെട്ടിക്കുറവാണ് കേന്ദ്രം വരുത്തിയത്. പാവപ്പെട്ടവനുള്ള ഭക്ഷ്യലഭ്യത നമ്മുടെ പുതിയ സാമ്പത്തിക നയങ്ങളിൽ യാതൊരു പ്രാധാന്യവും നൽകുന്നില്ലെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

എന്നാൽ കേരളത്തിലെ ഇടതു സർക്കാർ ജനങ്ങൾക്ക് ഭക്ഷ്യലഭ്യത ഉറപ്പുവരുത്താൻ എന്നും പ്രതിജ്ഞാബദ്ധമായിരിക്കും.